"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- **DGE/13970/2025-sports2** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **17-07-2025**

## <u>പരിപത്രം</u>

വിഷയം:-പൊതുവിദ്യാഭ്യാസം - സ്പോർട്സ് - ജെ.എൻ ഹോക്കി ടൂർണമെന്റ് **2025** - സബ് ജില്ല, ജില്ല - സെലക്ഷൻ നടത്തുന്നത് - സംബന്ധിച്ച്

സൂചന :- ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെന്റ് സൊസൈറ്റിയുടെ **10/07/2025** തീയതിയിലെ ഇ - മെയിൽ സന്ദേശം

*****

**2025** ഒക്ടോബർ **19** മുതൽ ഡിസംബർ **06** വരെ ശിവാജി സ്റ്റേഡിയം, ന്യൂഡൽഹിയിൽ വച്ച് **2025-26** വർഷത്തെ ജവഹർലാൽ നെഹ്റു അണ്ടർ - **17** (ആൺ/പെൺ) ഹോക്കി ടൂർണമെന്റ് നടത്തുന്നതായി സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. ജെ.എൻ. ഹോക്കി സംസ്ഥാനതല മത്സരങ്ങൾ **2025** ഓഗസ്റ്റ് **11** മുതൽ ഓഗസ്റ്റ് **14** വരെ കൊല്ലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിൻപ്രകാരം ജെ.എൻ ഹോക്കി ഉപജില്ല മത്സരങ്ങൾ **2025** ജൂലൈ **28** ന് മുൻപായും / ജില്ലതല മത്സരങ്ങൾ ഓഗസ്റ്റ് **06** ന് മുൻപായും പൂർത്തിയാക്കി സംസ്ഥാനതല മത്സരങ്ങൾക്കായി ടീമുകളെ സജ്ജരാക്കേണ്ടതാണ്. അണ്ടർ-**17** (പെൺ), അണ്ടർ-**17** (ആൺ) എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. **മത്സരത്തിൽ പങ്കെടുക്കേണ്ട ടീമുകൾ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി ജൂലൈ 22 ആണ്. ടി തീയതിക്ക് ശേഷം വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കുന്നതല്ല.**

ജില്ലയിൽ നിന്ന് സംസ്ഥാനതല മത്സരത്തിനായി തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്റ്റർ

ചെയ്ത് എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പ്രിന്റൗട്ട് എടുത്തു വേണം സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ മേൽപറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. സംസ്ഥാനതല മത്സരങ്ങളുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

<u>പ്രായ വിഭാഗം :</u>

അണ്ടർ-17 (ആൺ/പെൺ) - **01/11/2008** നോ അതിനുശേഷമോ ജനിച്ചവർ

Signed by
Shanavas S
Date: 17-07-2025 18:20:28

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്:**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
2. എല്ലാ ആർ.ഡി.ഡിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. എല്ലാ എഡിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
7. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)